# Athmaraksha.org

ജപമാല

## കരുണയുടെ ജപമാല-Rosary



### കരുണയുടെ ജപമാല

പിതാവിന്റെയും പുത്രന്റേയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ. ആമ്മേൻ. 1 സ്വർഗ്ഗ, 1 നൻമ

**വിശ്വാസപ്രമാണം**

സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായിലും ഞാൻ വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽനിന്നു പിറന്നു; പന്തിയോസ് പീലാത്തോസിന്റെ കാലത്തു പീഡകൾ സഹിച്ച്, കുരിശിൽ തറയ്ക്കപ്പെട്ട്, മരിച്ച്, അടക്കപ്പെട്ടു; പാതാളത്തിൽ ഇറങ്ങി, മരിച്ചവരുടെ ഇടയിൽനിന്ന് മൂന്നാംനാൾ ഉയിർത്തു; സ്വർഗ്ഗത്തിലേക്കെഴുന്നള്ളി, സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു; അവിടെ നിന്നു ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ കത്തോലിക്കാ സഭയിലും, പുണ്യവാന്മാരുടെ ഐക്യത്തിലും, പാപങ്ങളുടെ മോചനത്തിലും, ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. ആമ്മേൻ.

**സമർപ്പണപ്രാർത്ഥന**

നിത്യപിതാവേ, ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപങ്ങൾക്ക് പരിഹാരമായി ഞങ്ങളുടെ നാഥനും രക്ഷകനും അങ്ങേ ഏറ്റവും വാത്സല്യമുള്ള പുത്രനുമായ ഈശോമിശിഹായുടെ തിരുശരീരവും, തിരുരക്തവും, ആത്മാവും, ദൈവത്വവും അങ്ങേയ്ക്ക് ഞങ്ങൾ കാഴ്ചവയ്ക്കുന്നു. (1 പ്രാവശ്യം).

ഈശോയുടെ അതിദാരുണമായ പീഡാസഹനത്തെക്കുറിച്ച്; പിതാവെ, ഞങ്ങളുടെമേലും ലോകം മുഴുവന്റെമേലും കരുണയായിരിക്കണമെ. (10 പ്രാവശ്യം)<br>
പരിശുദ്ധനായ ദൈവമേ,<br>
പരിശുദ്ധനായ ബലവാനേ,<br>
പരിശുദ്ധനായ അമർത്ത്യനേ,<br>
ഞങ്ങളുടെമേലും ലോകം മുഴുവന്റെമേലും കാരുണയായിരിക്കണമെ (3 പ്രാവശ്യം)<br>
(ഇങ്ങനെ 5 പ്രാവശ്യം ചൊല്ലുക)

+++

ദൈവകാരുണ്യഭക്തിയുടെ അഞ്ച് പ്രധാനഭാഗങ്ങൾ

1. കരുണയുടെ ഈശോയുടെ ചിത്രത്തോടുള്ള ആദരവ്
2. ദൈവകാരുണ്യത്തിന്റെ തിരുനാൾ ആഘോഷിക്കുക.(ഈസ്റ്റർ കഴിഞ്ഞുവരുന്ന ഞായർ)
3. കരുണക്കൊന്ത ചൊല്ലുക
4. ദൈവകാരുണ്യ നൊവേന നടത്തി തിരുന്നാളിന് ഒരുങ്ങുക.
5. കരുണയുടെ മണിക്കൂറിൽ ധ്യാനിക്കുക. (ഉച്ചകഴിഞ്ഞ് മൂന്നു മണി)

കരുണയുടെ മണിക്കൂർ അനുസ്മരണം

സിസ്റ്റർ ഫൗസ്റ്റീന രേഖപ്പെടുത്തിയിരിക്കുന്ന നമ്മുടെ കർത്താവിന്റെ വചനങ്ങൾ
'മൂന്നുമണിക്ക് പ്രത്യേകിച്ച് പാപികൾക്കായി എന്റെ കരുണയിൽ അഭയം തേടുക. ഒരു നിമിഷത്തേയ്ക്കേ ഉള്ളുവെങ്കിലും എന്റെ പീഡാസഹനങ്ങളിലേക്ക് ആഴ്ന്നിറങ്ങുക, സഹനമയത്ത് സർവ്വരാലും പരിത്യക്തമായ എന്റെ അവസ്ഥയിൽ പ്രത്യേകിച്ച് ചിന്താഗ്രസ്തരാവുക, ലോകം മുഴുവനിലും എന്റെ കരുണ ചൊരിയപ്പെടുന്ന മഹനീയ മണിക്കൂറാണിത്. മരണകരമായ എന്റെ ദു:ഖങ്ങളിൽ പങ്കുചേരാൻ ഞാൻ നിങ്ങളെ അനുവദിക്കും. എന്റെ സഹനത്തെപ്രതി സമർപ്പിക്കുന്ന ഏതപേക്ഷയും ഈ മണിക്കൂറിൽ ആ ആത്മാക്കൾക്ക് ഞാൻ നിരസിക്കുകയില്ല.

മൂന്നുമണി പ്രാർത്ഥന

ഈശോയുടെ ഹൃദയത്തിൽനിന്നും ഞങ്ങൾക്ക് കാരുണ്യസ്രോതസ്സായി ഒഴുകിയിറങ്ങിയ തിരുരക്തമേ, അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

## തിരുവചനം

കർത്താവ് അരുളിച്ചെയ്യുന്നു: വരുവിൻ, നമുക്കു രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടുംചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെൺമയുള്ളതായിത്തീരും. അവ രക്ത വർണമെങ്കിലും കമ്പിളിപോലെ വെളുക്കും (ഏശയ്യാ 1:18)

അവരുടെ അനീതികളുടെ നേർക്കു ഞാൻ കരുണയുള്ളവനായിരിക്കും. അവരുടെ പാപങ്ങൾ ഞാൻ ഒരിക്കലും ഓർക്കുകയുമില്ല. (ഹെബ്രായർ 8:12)

കരുണയുള്ളവർ ഭാഗ്യവാൻമാർ; അവർക്കു കരുണ ലഭിക്കും. (മത്തായി 5:7)

അവിടുന്ന് വീണ്ടും നമ്മോടു കാരുണ്യം കാണിക്കും. നമ്മുടെ അകൃത്യങ്ങളെ അവിടുന്ന് ചവിട്ടിമെതിക്കും. ആഴിയുടെ അഗാധങ്ങളിലേക്കു നമ്മുടെ പാപങ്ങളെ അവിടുന്ന് ത്തെറിയും. (മിക്കാ 7:19)

അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാൻമാരെക്കുറിച്ച് എന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും എന്ന് ഞാൻ നിങ്ങളോടു പറയുന്നു. (ലൂക്കാ 15:7)

+++